കൃത്യമാണ് ! ഒരു ബ്രോന്തൻ എസ്. ഐ. ആണ് അവിടെയിരിക്കുന്നത്. സഖീംരാജ് എന്നു പറയുന്ന ഒരു ചെറുപ്പക്കാരൻ, ഒരു പോലീസ് സ്റ്റേഷനിലും വച്ചേക്കാൻ പാടില്ലാത്ത ഒരാളാണ് ആ എസ്. ഐ. ആഭ്യന്തര വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ ഭരണകാലത്ത് ലോക്കപ്പ് മർദ്ദനങ്ങളുടെ എണ്ണം കൂട്ടാനാണെങ്കിൽ ആ പോലീസ്സ്റ്റേഷൻ ഉപകരിക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത്ര ക്രൂരമായി മർദ്ദനം നടത്തുന്ന ആളുകളെ ഒരു ദിവസം ഒരു ലോക്കപ്പ് മർദ്ദനമെങ്കിലും നടക്കാത്ത ദിവസമില്ല— ആ നടപടി അവസാനിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. ഈ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടിയെടുക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആരോപണത്തെക്കുറിച്ച് അന്വേഷിക്കാം. കുറ്റക്കാരായ ആളുകളുടെമേൽ നടപടി സ്വീകരിക്കാം. ഒരു പോലീസ്സ്റ്റേഷനിലും ശംഖ് വിതരണം ചെയ്തിട്ടില്ല.

മി. സ്പീക്കർ : ശംഖ് വളരെ ആദരവോടുകൂടി ഉപയോഗിക്കേണ്ട കാര്യമല്ലേ !

(7) വെള്ളപ്പൊക്ക ദുരിതാശ്വാസ നടപടികളുടെ പേരിൽ അഴിമതി

ശ്രീ. കെ. ടി. കണാരൻ : സർ, നമ്മുടെ സംസ്ഥാനത്തിന് വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന് അനുവദിച്ചുതന്നിട്ടുള്ള സംഖ്യ ചെലവഴിക്കുന്ന സന്ദർഭത്തിൽ ഭരണകക്ഷി, പ്രതിപക്ഷമെന്ന ഏറ്റവും നഗ്നമായ, വിവേചനപരമായിട്ടുള്ള നിലപാടാണ് ഇവിടത്തെ പ്രതിപക്ഷ എം. എൽ. എ. മാരുടെ നിയോജകമണ്ഡലങ്ങളിലുണ്ടായിട്ടുള്ളത്. ഞങ്ങൾ കൊടുത്തിട്ടുള്ള പല ലിസ്റ്റുകളും മാറ്റി ഭരണകക്ഷിക്കാർ നൽകിയ ലിസ്റ്റ് പകരം വയ്ക്കുന്നു. അത്തരത്തിൽ നഗ്നമായ വിവേചനം പല നിയോജകമണ്ഡലങ്ങളിലുമുണ്ടായിട്ടുണ്ട്. ചെലവഴിക്കുന്നതിന്റെ വെള്ളപ്പൊക്കമാണ് ഇപ്പോൾ നടക്കുന്നത് ! ഓരോ മണ്ഡലത്തിലുമുള്ള മന്ത്രിമാരും എം. എൽ. എ.മാരും അവിടെ നടന്നിട്ടുള്ള ദുരിതാശ്വാസനടപടികളെക്കുറിച്ച് സംസാരിച്ചു. ഇന്ന് വിവിധ ഡിപ്പാർട്ടുമെന്റുകൾ മുഖേന ഈ സംഖ്യ ചെലവഴിക്കപ്പെടുകയാണ്. അത് മാത്രമല്ല, ശമ്പളം കൊടുക്കുന്നതിനുപോലും ഈ സംഖ്യ വിനിയോഗിക്കുന്നു എന്നുള്ള കാര്യം ഇന്നലെ ഈ സഭാതലത്തിൽ പറഞ്ഞതാണ്. കൃത്യമായി, ലാപ്സാകാതെതന്നെ ഇന്ന് തുടങ്ങിക്കഴിഞ്ഞിട്ടുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ ഒരു പ്രത്യേക സംവിധാനമെന്ന നിലയിൽ ഭരണകക്ഷി എം. എൽ. എ. മാരും പ്രതിപക്ഷ എം. എൽ. എ. മാരും ജില്ലാ തലത്തിൽ എങ്കിലും അത് കൃത്യമായി നടത്തിക്കാൻ അടിയന്തിര സ്വഭാവത്തോടുകൂടിയ ഒരു സംവിധാനം ഉണ്ടാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

അതുപോലെതന്നെ നമ്മുടെ വിദ്യാഭ്യാസമന്ത്രി രണ്ടു ലക്ഷം രൂപ വീതം പി. ടി. എ. യെ ഏൽപ്പിക്കുമെന്ന് പറഞ്ഞു, ഇപ്പോൾ അതിന്റെ ഓർഡർ നൽകിക്കഴിഞ്ഞിരിക്കുകയാണ്. മേൽക്കൂരയ്ക്കും ആസ്ബസ്റ്റോസിനും വേണ്ടി എഴുപത്തിനായിരം രൂപയുടെ ഓർഡർ എൻജിനീയർ മുഖേന നൽകിയിരിക്കുകയാണ്. അതിന്റെ കമ്മീഷന്റെ കാര്യങ്ങളൊക്കെ നമുക്ക് അറിയാവുന്നതാണ്. എന്നാൽ പി. ടി. എ. ക്കാർക്ക് കൊടുക്കാമെന്നു പറഞ്ഞ സംഖ്യപോലും കൊടുക്കുന്ന കാര്യത്തിൽ ഏറ്റവും സാങ്കേതികമായ

LIBRARY ARCHIVES Kerala Legislative Assembly

75144

നൂലാമാലകളിൽ കടിച്ചുതൂങ്ങിയാണ് അത് നടത്തിയത്. അതുകൊണ്ട് ഈ മാതിരി പ്രവർത്തനങ്ങൾ നടക്കുമ്പോൾ പ്രത്യേകമായി, അടിയന്തിര സ്വഭാവത്തോടുകൂടി പാഴ്ചെലവില്ലാതെ ന്യായമായ തരത്തിൽ വിനിയോഗിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഈ പാഴ് ചെലവുകളും, ഈ ധൂർത്തും അവസാനിപ്പിച്ചുകൊണ്ട് കൃത്യമായി സത്യസന്ധമായി വെള്ളപ്പൊക്ക ദുരിതാശ്വാസപ്രവർത്തനങ്ങൾ നടത്തുന്നതിനെ സംബന്ധിച്ചിടത്തോളം പ്രത്യേകമായ സംവിധാനം ഉണ്ടാക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ബഹുമാനപ്പെട്ട കണാരൻ തെറ്റിദ്ധാരണകൊണ്ട് സംസാരിച്ചതാണെന്നാണ് ഞാൻ കണക്കാക്കുന്നത്. ഏറ്റവും കൂടുതൽ തുക ലഭിച്ചിട്ടുള്ളത് പി. ഡബ്ല്യു. ഡി. ക്കാണ്. പി. ഡബ്ല്യു. ഡി. യിൽ ഉൾപ്പെട്ട റോഡിൽ സ്റ്റേറ്റ് ഹൈവേയ്സും ഡിസ്ട്രിക്ട് റോഡുകളും മാത്രമേ എടുക്കാവൂ എന്നുള്ള നിബന്ധനയുണ്ട്. അങ്ങനെയുള്ള റോഡുകൾ നിയോജകമണ്ഡലം നോക്കി അനുവദിക്കാൻ നിവൃത്തിയില്ല. ഇങ്ങനെയുള്ള പ്രധാനപ്പെട്ട റോഡുകൾക്കാണ് ഈ തുക മാറിവച്ചിട്ടുള്ളത്. മറ്റ് പല വർക്കുകളെ സംബന്ധിച്ചിടത്തോളവും എം. എൽ. എ. മാരുടെ നിർദ്ദേശം പ്രത്യേകിച്ച് ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസം കൂടാതെ എടുത്തിട്ടുണ്ട്. ഇന്നലെ ഒരു എം. എൽ. എ. പറഞ്ഞു നാല് റോഡുകൾ പറഞ്ഞിട്ട് രണ്ട് എണ്ണമേ എടുത്തിട്ടുള്ളൂ എന്ന്. അങ്ങനെ എഴുതിത്തരുന്ന മുഴുവൻ റോഡുകളും എടുക്കാനുള്ള തുക ഇത്തവണ ഇല്ല എന്ന് എല്ലാവർക്കുമറിയാം.

മറ്റ് കാര്യങ്ങളെക്കുറിച്ചും ഇവിടെ പറഞ്ഞു. സ്കൂൾ കെട്ടിടത്തിന്റെ ഷെഡിന്റെ മേൽക്കൂര ഉണ്ടാക്കാൻ സിൽക്കിനെയാണ് ഏർപ്പാട് ചെയ്തിട്ടുള്ളത്. സിൽക്ക് ഒരു പൊതുമേഖലാ സ്ഥാപനമാണ്. പൊതുമേഖലാ സ്ഥാപനമായ സിൽക്കിനെ ഏർപ്പാട് ചെയ്താൽ എന്തു കമ്മിഷനാണ് കിട്ടുന്നതെന്ന് എനിക്ക് അറിഞ്ഞുകൂടാ. ഏറ്റവുംവേഗം ചെയ്തു തീർക്കാൻ വേണ്ടി മാത്രമാണ് സിൽക്കിനെ ഏർപ്പാട് ചെയ്തിട്ടുള്ളത്.

ശമ്പളം കൊടുത്ത കാര്യം പറഞ്ഞു. അതിൽ തെറ്റിദ്ധാരണയുണ്ടായിട്ടുണ്ട്. സ്പെഷ്യൽ ന്യൂട്രീഷനുവേണ്ടി 30 ലക്ഷം രൂപ ഡെവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റിന് കൊടുത്തത് ശമ്പളം കൊടുക്കുന്നതിനായി എടുക്കാൻ അനുവാദം ചോദിച്ചപ്പോൾ അത് ശമ്പളം കൊടുക്കാൻ വേണ്ടി ഉപയോഗിക്കാൻ പാടില്ല എന്ന് വ്യക്തമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. സ്പെഷ്യൽ ന്യൂട്രീഷനുവേണ്ടിയല്ല ആ തുക വിനിയോഗിച്ചിട്ടുള്ളത് എങ്കിൽ ആ തുക സറണ്ടർ ചെയ്യുകയേയുള്ളൂ. ശമ്പളം അവർക്കു വേറെ ഹെഡ്ഡിൽ നിന്ന് കിട്ടും. ഈ ഹെഡ്ഡിൽനിന്നും പോകുകയില്ല. ഒരു കാരണവശാലും ഇത് മാറ്റി ഉപയോഗിക്കാൻ പാടില്ല എന്നുള്ള നിർദ്ദേശം കർശനമാക്കിയിട്ടുണ്ട്.

(8) സുദേവൻ എന്ന ചെറുപ്പക്കാരന്റെ കൊലയും അതു സംബന്ധിച്ച അന്വേഷണവും

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : സർ, എന്റെ നിയോജക മണ്ഡലത്തിലെ കിളിമാനൂരിൽ 'സുദേവൻ' എന്ന ഒരു ചെറുപ്പക്കാരൻ 1985 ഒക്ടോബർ മാസം 21-ാം തീയതി കൊല്ലപ്പെടുകയുണ്ടായി. സുദേവൻ മരണപ്പെട്ടതിനു ശേഷം ചില ആളുകൾ പോലീസിൽ റിപ്പോർട്ടു ചെയ്തത് ഹരിജന

LIBRARY ARCHIVES Kerala Legislative Assembly